കോ-ഓപ്പറേറ്റീവ് അക്കാദമി ഫോർ പ്രൊഫഷണൽ എഡ്യൂക്കേഷൻ

107 (1259) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോ-ഓപ്പറേറ്റീവ് അക്കാദമി ഫോർ പ്രൊഫഷണൽ എഡ്യൂക്കേഷൻ എന്ന സ്ഥാപനത്തിന്റെ കീഴിൽ ഇപ്പോൾ കേരളത്തിൽ എത്ര പ്രൊഫഷണൽ കോളേജുകൾ പ്രവർത്തിച്ചുവരുന്നു എന്നറിയിക്കുമോ ;

(ബി) അവയുടെ പേരുവിവരങ്ങളും അവ ഓരോന്നിലുമുള്ള കോഴ്സുകളുടെയും വിദ്യാർത്ഥികളുടെ എണ്ണത്തിന്റെയും വിശദവിവരങ്ങൾ വ്യക്തമാക്കാമോ ;

(സി) ഈ അക്കാദമിയുടെ കീഴിൽ എ.ഐ.സി.റ്റി.ഇ.ലെറ്റർ ഓഫ് വയബിലിറ്റി നൽകിയ ഏതെല്ലാം പ്രൊഫഷണൽ കോളേജുകളാണ് ഇനി ആരംഭിക്കുവാനുള്ളത് ;

(ഡി) കായംകുളത്ത് കരീലക്കുളങ്ങരയിൽ ഈ അക്കാദമിയുടെ കീഴിൽ എ.ഐ.സി.റ്റി.ഇ. നൽകിയ ലെറ്റർ ഓഫ് വയബിലിറ്റിയുടെ കാലാവധി എന്നുവരെയാണ് ; ഇതിന്റെ കാലാവധി തുടർന്ന് ഒരു വർഷം കൂടി നീട്ടിത്തരാൻ നടപടി സ്വീകരിക്കുമോ ;

(ഇ) കായംകുളം നഗരത്തിന് തൊട്ടടുത്ത് 15 ഏക്കർ സ്ഥലം ഇപ്പോൾ നൽകിയാൽ നിർദ്ദിഷ്ട എഞ്ചിനീയറിംഗ് കോളേജ് ആരംഭിക്കാൻ എ.ഐ.സി.റ്റി.ഇ.യിൽ നിന്നും പ്രത്യേക അനുമതി വാങ്ങിത്തരാൻ സർക്കാർ നടപടി എടുക്കുമോ ?

ഉത്തരം

(എ) അഞ്ച് എഞ്ചിനീയറിംഗ് കോളേജുകളും ഒരു മെഡിക്കൽ കോളേജുമുൾപ്പെടെ ആറ് പ്രൊഫഷണൽ കോളേജുകൾ കോ-ഓപ്പറേറ്റീവ് അക്കാദമി ഫോർ പ്രൊഫഷണൽ എഡ്യൂക്കേഷന് കീഴിൽ പ്രവർത്തിച്ചുവരുന്നു.

(ബി) വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു†.

(സി) 1. എഞ്ചിനീയറിംഗ് കോളേജ്, കായംകുളം.

2. കമ്മ്യൂണിറ്റി കോളേജ് (എം.ബി.എ. പ്രോഗ്രാം) വടക്കൻ പറവൂർ.

(ഡി) കായംകുളത്തെ നിർദ്ദിഷ്ട എഞ്ചിനീയറിംഗ് കോളേജിന് 2000-2001 അദ്ധ്യയനവർഷത്തേക്കാണ് ലെറ്റർ ഓഫ് വയബിലിറ്റി ലഭിച്ചിട്ടുള്ളത്. ഇതിന്റെ കാലാവധി 2001-2002-ലേക്ക് നീട്ടാനുള്ള അപേക്ഷ എ.ഐ.സി.റ്റി.ഇയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

(ഇ) എ.ഐ.സി.റ്റി.ഇ. നിബന്ധന പ്രകാരം എഞ്ചിനീയറിംഗ് കോളേജ് ആരംഭിക്കാൻ ഏറ്റവും കുറഞ്ഞത് 25 ഏക്കർ സ്ഥലം ഉണ്ടായിരിക്കേണ്ടതാണ്. ഇതിൽ ഇളവ് അനുവദനീയമല്ല.

---

† അനുബന്ധം XVI

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XVI

[1-3-2001-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 107(1259)-ന്റെ 'ബി' ഉത്തരം ദയവായി കാണുക]

കോളേജുകളുടെ പേര്	കോഴ്സുകൾ	വിദ്യാർത്ഥികളുടെ എണ്ണം
(1)	(2)	(3)
1. സഹകരണ എഞ്ചിനീയറിംഗ് കോളേജ്, ചീമേനി, തൃശ്ശൂർ	1. ഇൻഫർമേഷൻ ടെക്നോളജി	45
	2. കംപ്യൂട്ടർ സയൻസ്	45
	3. ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻസ്	45
2. സഹകരണ എഞ്ചിനീയറിംഗ് കോളേജ്, തലശ്ശേരി	1. ഇൻഫർമേഷൻ ടെക്നോളജി	60
	2. കംപ്യൂട്ടർ സയൻസ്	60
	3. ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻസ്	60
3. സഹകരണ ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്, വടകര	1. ഇൻഫർമേഷൻ ടെക്നോളജി	60
	2. കംപ്യൂട്ടർ സയൻസ്	60
	3. ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻസ്	60
	4. ഇലക്ട്രോണിക്സ് ആന്റ് ഇൻസ്ട്രുമെന്റേഷൻ	60
4. സഹകരണ എഞ്ചിനീയറിംഗ് കോളേജ്, കിടങ്ങൂർ	1. ഇൻഫർമേഷൻ ടെക്നോളജി	45
	2. കംപ്യൂട്ടർ സയൻസ്	45
	3. ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻസ്	45
	4. ഇലക്ട്രോണിക്സ് ആന്റ് ഇൻസ്ട്രുമെന്റേഷൻ	45 45
5. സഹകരണ എഞ്ചിനീയറിംഗ് കോളേജ്, പെരുമൾ	1. ഇൻഫർമേഷൻ ടെക്നോളജി	60
	2. കംപ്യൂട്ടർ സയൻസ്	60
	3. ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻസ്	60
	4. ഇലക്ട്രോണികസ് ആന്റ് ഇൻസ്ട്രുമെന്റേഷൻ	60
6. സഹകരണ മെഡിക്കൽ കോളേജ്, കൊച്ചി	എം.ബി.ബി.എസ്	100

LIBRARY ARCHIVES Kerala Legislative Assembly